## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 933 11.03.2015 -ലെ മറുപടിക്ക്

### കാസർകോട് ജില്ലാ ക്ഷേമനിധി ഓഫീസുകളിലെ ഒഴിവുകൾ

| ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ : | മറുപടി<br>ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർകോട് ജില്ലയിലെ ക്ഷേമനിധി ഓഫീസുകളിൽ എത്ര ഒഴിവുകളുണ്ടെന്ന് ഓഫീസും തസ്തികയും തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ ; | (എ)<br>1. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒരു ടൈപ്പിസ്റ്റിന്റെ ഒഴിവുണ്ട്.<br>2. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെയും ഒരു എൽ.ഡി.ടൈപ്പിസ്റ്റിന്റെയും ഒഴിവുകൾ ഉണ്ട്.<br>3. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 3 ക്ലാർക്ക്, 1 ടൈപ്പിസ്റ്റ്, 1 പ്യൂൺ കം പ്രോസസ് സെർവർ, 1 റിക്കാർഡ് കീപ്പർ എന്നീ ഒഴിവുകൾ ഉണ്ട്.<br>4. കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1 ക്ലാർക്ക്, 1 പ്യൂൺ എന്നീ ഒഴിവുകൾ ഉണ്ട്.<br>5. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൽ 6 ക്ലാർക്ക്, 3 പ്യൂൺ എന്നീ എൻ.ജെ.ഡി ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | (ബി) ഉണ്ട്.<br>1. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒരു ടൈപ്പിസ്റ്റിന്റെ ഒഴിവ് അന്യത്ര സേവന വ്യവസ്ഥയിൽ നികത്തുന്നതിന് പത്രത്തിൽ പരസ്യം നല്കിയിട്ടുണ്ട്.<br>2. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിലാണ് ഒഴിവുകൾ നികത്തുന്നത്. |

3. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഒഴിവ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
4. കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിലാണ് ഒഴിവുകൾ നികത്തുന്നത്. നിലവിൽ ആരും അപേക്ഷ സമർപ്പിച്ചിട്ടില്ല.
5. കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ പി.എസ്.സി യിൽ നിന്നുള്ള എൻ.ജെ.ഡി ഒഴിവുകളാണ്.

(സി) കാസർകോട് ജില്ലയിലെ ക്ഷേമനിധി ഓഫീസുകളിൽ എത്ര ദിവസ വേതനക്കാരായ തൊഴിലാളികളാണ് ജോലി ചെയ്തുവരുന്നതെന്ന് വ്യക്തമാക്കുമോ ?

(സി)

1. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1 ഉം
2. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ 16 ഉം
3. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 6 ഉം
4. കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2 ഉം
5. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1 ഉം
6. കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ 9 ഉം ദിവസവേതനക്കാരായി ആകെ 35 ജീവനക്കാർ ജോലി ചെയ്യുന്നു.

സെക്ഷൻ ഓഫീസർ